## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1217 02/05/2017-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>,, അടൂർ പ്രകാശ്<br>,, എ.പി. അനിൽ കുമാർ<br>,, സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭൂരഹിത ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയ്ക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനതലത്തിൽ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല മിഷൻ രൂപീകരിച്ചിട്ടുണ്ട് ജില്ലാതലത്തിൽ നവകേരള മിഷനുകീഴിലുള്ള 4 വികസന മിഷനുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജില്ല അസൂത്രണ സമിതി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ജില്ലാമിഷൻ രൂപീകരിക്കുന്നതാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ 4 മിഷനുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് മുനിസിപ്പൽ ചെയർപേഴ്സൺ/മേയറുടെ അദ്ധ്യക്ഷതയിൽ മിഷൻ രൂപീകരിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക്തല മിഷനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത്തല മിഷനും രൂപീകരിക്കുന്നതാണ്. ലൈഫ് മിഷന്റെ |

| | | | |
|---|---|---|---|
| | | | ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.ഹരികിഷോറിനെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) | സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫിന്റെ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. |
| (സി) | പ്രസ്തുത സർവ്വേയുടെ മാർഗ്ഗനിർദ്ദേശം തയ്യാറാക്കി യിട്ടുണ്ടോ; വിവരിക്കുമോ; | (സി) & (ഡി) | 09-02-2016-ലെ സ.ഉ (സാധാ) നം. 391/17/തസ്വഭവ പ്രകാരം സർവ്വേക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. 05-4-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനമനുസരിച്ച് ഒരു റേഷൻകാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു ഭവനം എന്ന രീതിയിൽ ആനുകൂല്യം നൽകുന്നതിനുള്ള അടിസ്ഥാന യൂണിറ്റായി റേഷൻകാർഡ് തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അന്തിമപട്ടികയിൽ ഒരുകാരണവശാലും അനർഹർ ഇടം പിടിക്കാൻ പാടില്ല എന്നും ആയത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി ഉറപ്പുവരുത്തണം എന്നും തീരുമാനിച്ചിട്ടുണ്ട്. കരട് പട്ടിക പ്രസിദ്ധപ്പെടുത്തു മ്പോൾ പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് അപ്പീൽ നല്കുന്നതിന് അവസരം നല്കുന്നുണ്ട്. |
| (ഡി) | വിവിധ വകുപ്പുകൾ തയ്യാറാക്കിയ ഭവന രഹിതരുടെ നിലവിലെ പട്ടികയിൽ വിട്ടുപോയ അർഹരെ ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ